# പ്രബോധനവും മാതൃകാജീവിതവും

എം. എം. അക്ബർ

‘അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ‘തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു’ എന്ന് പറയുകയും ചെയ്തവനേക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്? (41:33)

സർവ്വശക്തനുള്ള സമ്പൂർണ സമർപ്പണമാണ് ഇസ്‌ലാം. ഈ സമർപ്പണത്തിലേക്ക് ക്ഷണിക്കുന്നവനാണ് പ്രബോധകൻ. സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാൻെറ വിധിവിലക്കുകൾ പാലിച്ചുകൊണ്ടുള്ള ജീവിതമാണ് സമർപ്പണത്തിൻെറ വിവക്ഷ. ജീവിതത്തിൻെറ പൂർണമായ വിമലീകരണം. ദൈവികമെന്ന് ഉറപ്പുള്ള പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതം ചിട്ടപ്പെടുത്തുകവഴി ഇവിടെ ശാന്തിയും സമാധാനവുമുണ്ടാകും. ഒപ്പം ശാശ്വത ജീവിതത്തിലെ അനശ്വരമായ സൗഭാഗ്യങ്ങൾക്ക് അർഹത നേടുകയും ചെയ്യും. ജീവിതത്തിൻെറ സകല തുറകളെയും ദൈവിക ബോധനത്തിൻെറ അടിസ്ഥാനത്തിൽ പരിവർത്തിപ്പിക്കണമെന്ന് പ്രബോധനം ചെയ്യുന്നവർ ജനങ്ങളെ നാശത്തിൽനിന്ന് കരകയറാൻ സഹായിക്കുന്ന ജനസേവകരാണെന്നർത്ഥം.

മറ്റെല്ലാവിധ സേവന പ്രവർത്തനങ്ങളിൽനിന്നും വ്യതിരിക്തമായി സേവിക്കപ്പെടുന്നവരുടെ വെറുപ്പും ഭത്സനവുമാണ് പ്രബോധകർക്ക് ലഭിക്കുക. തങ്ങൾ നടന്നടുത്തുകൊണ്ടിരിക്കുന്ന നാശത്തെക്കുറിച്ച അജ്ഞതയാണ് ഈ പ്രതികരണത്തിന് കാരണം. അതേക്കുറിച്ച് അവരെ അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് ശാശ്വത വിജയത്തിൻെറ പാത പഠിപ്പിച്ചുകൊടുക്കണമെങ്കിൽ അൽപം ആത്മാർത്ഥത അനിവാര്യമാണ്. ഭൗതിക മോഹങ്ങളോ സ്ഥാനമാനങ്ങളോടുള്ള ആർത്തിയോ ആദരിക്കപ്പെടണമെന്ന ആഗ്രഹമോ ഇല്ലാത്തവർക്ക് മാത്രമെ സത്യസന്ധമായ പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാകൂ.

പ്രവാചകന്മാരുടെ പാതയിലൂടെ ചരിക്കുന്നവരാണ് പ്രബോധകന്മാർ. പ്രതികൂല സാഹചര്യങ്ങളിലും പ്രവാചകന്മാർ എങ്ങനെ സത്യമത പ്രബോധനം നിർവഹിച്ചുവെന്ന് ഖുർആൻ വരച്ചുകാണിക്കുന്നുണ്ട്. ഉപദേശ നിർദ്ദേശങ്ങൾ നൽകുകയോ കൽപനകൾ പുറപ്പെടുവിക്കുകയോ ചെയ്യുന്ന ഒരു പുരോഹിതന്റേതിന് പകരം ദൈവിക ബോധനങ്ങൾക്കനുസൃതമായി സ്വയം മാറുകയും മറ്റുള്ളവരെ മാറ്റുകയുംചെയ്യുന്ന ഒരു സാധാരണക്കാരൻെറ ചിത്രമാണ് ഖുർആനിലെ പ്രവാചക കഥനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. പ്രവാചകന്മാരെല്ലാം മാതൃകാപുരുഷന്മാരായിരുന്നു. സമൂഹത്തെ പിന്നിൽനിന്ന് തെളിച്ച ഇടയന്മാരായിരുന്നില്ല, മുന്നിൽനിന്ന് നയിച്ച പടയാളികളായിരുന്നു അവർ. ‘നിങ്ങൾ പറയുന്ന ആദർശമെവിടെ?’യെന്ന ചോദ്യത്തിന് ‘‘ഞങ്ങളുടെ ജീവിതത്തിൽ’’ എന്ന് പറയാനുള്ള ആർജവം പ്രവാചകന്മാർക്കുണ്ടായിരുന്നു. അവർ മുന്നിൽ നടന്നപ്പോൾ അവരോടൊപ്പം സമൂഹം നടന്നു. ഇതേ ആർജവമുള്ള അനുയായികളെ സൃഷ്ടിക്കുവാനും ആ അനുയായികളിലൂടെ സത്യമത സന്ദേശം മറ്റുള്ളവരിലേക്കും സന്നിവേശിപ്പിക്കുവാനുമെല്ലാം അവർക്ക് കെൽപ് നൽകിയത് ദൈവിക ബോധനത്തിൻെറ വെളിച്ചത്തിൽ ക്രമീകരിക്കപ്പെട്ട മാതൃകായോഗ്യമായ തങ്ങളുടെ ജീവിതമായിരുന്നു. ആ ജീവിതം തന്നെയാണ് പ്രബോധകർക്കുള്ള മാതൃക.

നല്ല നല്ല തത്വങ്ങൾ പ്രസംഗിക്കുക പ്രയാസകരമായ കാര്യമേയല്ല. അവ പ്രയോഗവൽക്കരിക്കുകയാണ് പ്രയാസകരം. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അതിൻെറ വിധിവിലക്കുകളെല്ലാം മനുഷ്യ പ്രകൃതിയുമായി പൂർണമായി പൊരുത്തപ്പെടുന്നതും പ്രായോഗികവും മാനവികവുമാണ്. എന്നാൽ പൈശാചികമായ ഉൽബോധനങ്ങ ൾക്ക് വശംവദരാകുന്നവരെ സംബന്ധിച്ചിടത്തോളം അവ പ്രയാസകരമായി തോന്നുക സ്വാഭാവികമാണ്. പടച്ചതമ്പുരാനിൽനിന്ന് മാത്രം പ്രതിഫലം കാംക്ഷിക്കുന്നവർക്ക് മാത്രമെ പരസ്യമായും രഹസ്യമായും സൽകർമങ്ങളിൽ നിരതരാകാനാവൂവെന്ന് പറയുന്നതിൻെറ കാരണമിതാണ്. കർമങ്ങളുടെ കാര്യത്തിൽ പ്രസംഗത്തിനല്ല, പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യമെന്ന് ജീവിതംകൊണ്ട് കാണിച്ചുതന്നവരാണ് പ്രവാചകന്മാർ. അങ്ങനെത്തന്നെയാകണം പ്രബോധകന്മാരും. പരസ്യത്തിനോ പ്രശസ്തിക്കോ വേണ്ടിയല്ലാതെ, അല്ലാഹുവിൻെറ അനുഗ്രഹം മാത്രം പ്രതീക്ഷിച്ചുകൊണ്ട് ചെയ്യുന്ന കർമ്മങ്ങൾക്ക് മാത്രമെ ജീവനുണ്ടാവുകയുള്ളൂ. പ്രസ്തുത കർമ്മങ്ങളുടെ ജീവൻ ഉണ്ടാക്കിയെടുക്കുന്നതല്ല; വിശ്വാസത്താൽ ഊട്ടപ്പെട്ട ഹൃദയത്തിൻെറ അവകാശികളിൽനിന്ന് സ്വയമേവ ഉണ്ടായിവരേണ്ടതാണ്; സ്വയം നിർഗളിക്കുന്നതാണ്.

പ്രബോധകർ മാതൃകാജീവിതം നയിക്കുന്നവരാകണമെന്ന് പറയുന്നതിൽനിന്ന് അത്തരം ജീവിതം നയിക്കുന്നതുകൊണ്ട് മാത്രം പ്രബോധനമായിത്തീരുമെന്ന് തെറ്റിദ്ധരിച്ചുകൂടാത്തതാണ്. ജീവിതത്തിൻെറ വിമലീകരണം അല്ലാഹുവിൽനിന്ന് മാത്രം പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ഓരോരുത്തരും ചെയ്യുന്നതാണ്. പ്രബോധനമാകട്ടെ, ഇത്തരം ജീവിതത്തിൻെറ അവകാശികൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങളിലൊന്നാണ്. നല്ല ജീവിതം നയിക്കുന്നതുകൊണ്ടുമാത്രം സത്യമത സന്ദേശപ്രചാരണമെന്ന ബാധ്യത നിർവഹിക്കപ്പെട്ടുവെന്ന് പറയാനാവില്ല. തൻെറ വരുതിയിൽപെടുന്ന സുഹൃത്തുക്കളുമായി ദൈവിക ബോധനത്തിൻെറ വെളിച്ചത്തിൽ താൻ ജീവിച്ചുകൊണ്ടിരിക്കുന്ന ആദർശത്തിൻെറ മഹത്വത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അവരുടെ തെറ്റിദ്ധാരണകൾ നീക്കുകയും ഇസ്ലാം മാത്രമാണ് മോക്ഷത്തിനുള്ള ഏക മാർഗമെന്ന് സമർത്ഥിക്കുകയും ചെയ്യുമ്പോൾ മാത്രമെ പ്രസ്തുത ബാധ്യതയുടെ നിർവ്വഹണമാകൂ. സൽകർമ നിരതമായ തങ്ങളുടെ ജീവിതം കണ്ട് തങ്ങളുടെ ആദർശത്തിൻെറ മഹിമ ജനം മനസ്സിലാക്കട്ടെയെന്ന് കരുതി ചടഞ്ഞു കൂടിയവരായിരുന്നില്ല പ്രവാചകരോ അവരുടെ അനുചരന്മാരോ ഒന്നുംതന്നെ. അവർ ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിക്കുന്നതിൽ വ്യാപൃതരായവരായിരുന്നു. അതുവഴി സമൂഹത്തിൻെറ അനിഷ്ടത്തിന് പാത്രമായവരായിരുന്നു. സത്യമത പ്രബോധനത്തിൻെറ രംഗത്ത് ആരുടെയും അനിഷ്ടം പരിഗണിക്കാത്തവരായിരുന്നു. അവരാണ് പ്രബോധകരുടെയെല്ലാം മാതൃക. പ്രസ്തുത മാതൃകയുൾക്കൊള്ളുന്നതുവഴി മാത്രമെ അല്ലാഹു വിവക്ഷിച്ച രീതിയിലുള്ള പരിവർത്തനമുണ്ടാവൂ. അവൻ വാഗ്ദാനം ചെയ്ത പരലോക വിജയത്തിന് പാത്രമാവുകയും അതുവഴി മാത്രമെ കഴിയൂ.